## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട 08.11.2016 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ *775.

## പ്രമുഖ വസ്ത്രശാലകളിലും ഗോഡൗണുകളിലും നടത്തിയ വിജിലൻസ് പരിശോധന

ചോദ്യം ഉത്തരം

ശ്രീ. എ.പ്രദീപ്കുമാർ
ശ്രീ. ഡി.കെ.മുരളി
ശ്രീ. എ.എം.ആരിഫ്
ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലെ പ്രമുഖ വസ്ത്രശാലകളിലും അവരുടെ ഗോഡൗണുകളിലും അഗ്നിസുരക്ഷ, ആരോഗ്യസുരക്ഷ മാനദണ്ഡങ്ങൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അനുമതി മുതലായ കാര്യങ്ങളിൽ വീഴ്ചയുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് പരിശോധന നടത്തിയിരുന്നോ; പരിശോധനയിൽ വെളിപ്പെട്ട കാര്യങ്ങൾ അറിയിക്കുമോ; | (എ) | വസ്ത്ര വ്യാപാരശാലകളിലെ ശോചനീയമായ ജോലി സാഹചര്യവുമായി ബന്ധപ്പെട്ട് കേന്ദ്ര മനുഷ്യാവകാശ കമ്മീഷൻ കേരള സർക്കാരിന് ലഭിച്ച നോട്ടീസിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ പ്രമുഖ വസ്ത്ര വ്യാപാരശാലകളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധനകൾ നടത്തിയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.<br>1) തിരുവനന്തപുരം സിറ്റിയിലെ പ്രമുഖ വസ്ത്ര വ്യാപാരശാലകളായ രാമചന്ദ്രൻ ടെക്സ്റ്റയിൽസ്, കല്യാൺ സാരീസ്, പോത്തീസ് ടെക്സ്റ്റൈൽസ് എന്നിവിടങ്ങളിൽ നടത്തിയ മിന്നൽ പരിശോധനയിൽ കെട്ടിട നിർമ്മാണത്തിൽ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് (കെ.എം.ബി.ആർ)-ന്റെ ലംഘനം ഉള്ളതായും അഗ്നി സുരക്ഷാ മാർഗ്ഗങ്ങൾ ശരിയായ രീതിയിൽ പാലിക്കുന്നില്ല എന്നും തൊഴിലാളികൾക്കാവശ്യമായ ഇരിപ്പിടങ്ങൾ, ടോയ്‌ലറ്റ് സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല എന്നുമുള്ള കാര്യങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളതും മേൽ |

| | | | |
|---|---|---|---|
| | | | വിഷയങ്ങളിൽ QV17/16/TVM, QV 18/16/TVM, QV 19/16/TVM എന്നീ നമ്പരുകളിലായി സത്വരാന്വേഷണങ്ങൾ നടന്നു വരുന്നതുമാണ്. തിരുവനന്തപുരം ഫോർട്ട് സോണൽ ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയുമായി ബന്ധപ്പെട്ട് അട്ടക്കുളങ്ങരയിൽ പ്രവർത്തിച്ചുവരുന്ന രാമചന്ദ്രൻ ടെക്സ്റ്റയിൽസിൽ നടത്തിയ പരിശോധനയിൽ പാർക്കിംഗ് ഏരിയയിൽ ഇലക്ട്രിക്കൽ കമ്പ്യൂട്ടർ റൂമുകൾ പണിതിരിക്കുന്നതായും, കെ.എം.ബി.ആർ 1999 ചട്ടം 117 ന്റെ ലംഘനം നടത്തിയിരിക്കുന്നതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ QV 23/2015/SIU-II നമ്പരായി സത്വരാന്വേഷണം നടന്നുവരുന്നു.<br>2) എറണാകുളം ജില്ലയിലെ പ്രമുഖ വസ്ത്ര വ്യാപാരശാലകളായി ചെന്നൈ സിൽക്സ്, ശീമാട്ടി, ജയലക്ഷ്മി സിൽക്സ് എന്നിവിടങ്ങളിലെ വനിതകളുടെ ശോചനീയമായ ജോലി സാഹചര്യവുമായി ബന്ധപ്പെട്ട് നടത്തിയ മിന്നൽ പരിശോധനയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ QV 01/16/EKM/Labour, QV02/16/EKM/Labour, QV 03/16/EKM/Labour എന്നീ നമ്പരുകളിലായി 3 സത്വരാന്വേഷണങ്ങൾ നടന്നുവരുന്നു.<br>കോഴിക്കോട് ജില്ലയിലെ പ്രമുഖ വസ്ത്ര വ്യാപാരശാലകളായ ജയലക്ഷ്മി ടെക്സ്റ്റയിൽസ്, കല്യാൺ സിൽക്സ്, കല്യാൺ കേന്ദ്ര ടെക്സ്റ്റയിൽസ് ഷോപ്പ് എന്നിവിടങ്ങളിൽ നടത്തിയ മിന്നൽ പരിശോധനയിൽ 4 മണിക്കൂർ ജോലി ചെയ്യുവർക്ക് 1 മണിക്കൂർ വിശ്രമം അനുവദിക്കണം എന്ന നിയമം നടപ്പിലാക്കുകയോ, സ്ത്രീ ജീവനക്കാർക്ക് ആവശ്യമായ ഇരിപ്പിടങ്ങളോ ശുചിമുറികളോ ഏർപ്പെടുത്തുകയോ, സ്ത്രീ ജീവനക്കാരുടെ കുട്ടികളെ സംരക്ഷിക്കുന്നതിന് ക്രഷ് സൗകര്യം ഏർപ്പെടുത്തുകയോ നിയമാനുസരണം ഏർപ്പെടുത്തേണ്ട അഗ്നിശമന സംവിധാനങ്ങൾ ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നീ അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | തിരുവനന്തപുരത്ത് വസ്ത്രശാല ഗോഡൗണിൽ ഉണ്ടായ തീപിടുത്തത്തിന്റെ പശ്ചാത്തലത്തിൽ എല്ലാ പ്രമുഖ വസ്ത്രശാലകളിലും ഏർപ്പെടുത്തിയിട്ടുള്ള അഗ്നിസുരക്ഷാ സംവിധാനം അടിയന്തിരമായി പരിശോധനാ വിധേയമാക്കുമോ? | (ബി) | കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ അഗ്നിസുരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് കർശനമായി നടപ്പിൽ വരുത്തുന്നതിന് തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഫയർ & റെസ്ക്യൂ സർവ്വീസസിന്റെ പരിശോധനകളും നടന്നു വരുന്നു. |

R.V (signature)

സെക്ഷൻ ഓഫീസർ